(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ രണ്ട് ഹോസ്റ്റലുകളിലുമായി 245 കുട്ടികൾക്ക് പരിശീലനവും നൽകി വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ

8 (831) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ബിരുദധാരികളും സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവരും തൊഴിലില്ലാതെ നിൽക്കുന്നുണ്ട് ;

(ബി) ഇവർക്ക് തൊഴിൽ നൽകുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ പരിപാടികളനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കിവരുന്നു. പ്രത്യേക കേന്ദ്രസഹായം വിനിയോഗിച്ച് തൊഴിൽ സംരംഭകരെ സഹായിക്കുന്നുണ്ട്. ഇതുകൂടാതെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും ധനസഹായം നൽകുന്നുണ്ട്.

(സി) എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ശേഖരിച്ചിട്ടില്ല.

പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ്

9 (832) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിനുവേണ്ടി ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പിന്റെ കീഴിൽ ഏതെല്ലാം കാര്യങ്ങളാണ് കൊണ്ടു വരാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly